## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 5738 — 29.07.2015-ൽ മറുപടിക്ക്

### സേതുലക്ഷ്മിയുടെ മകൻ ജിൻസിന്റെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കിളിമാനൂർ, പോങ്ങനാട്, കിളിക്കോട്ടുകോണം ജിൻസി നിവാസിൽ രാജേന്ദ്രന്റെ ഭാര്യ സേതുലക്ഷ്മി തന്റെ മകൻ ജിൻസ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടത് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് കിളിമാനൂർ പോലീസ് സ്റ്റേഷനിൽ 1185/2013ാം നമ്പരായി എടുത്ത കേസിന്റെ അന്വേഷണം എതു ഘട്ടത്തിലാണെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ; | (എ) കേസ് കിളിമാനൂർ പോലീസ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ച് വരുന്നു. |
| (ബി) ഇന്ത്യൻ ശിക്ഷാ നിയമം 304 വകുപ്പ് പ്രകാരമുള്ള കുറ്റം ഈ കേസിൽ നടന്നിട്ടുണ്ടെന്ന് ഏതു തരത്തിലുള്ള അന്വേഷണത്തിലാണ് ബോധ്യപ്പെട്ടത്; | (ബി) കേസിന്റെ ആദ്യ അന്വേഷണ ഉദ്യോഗസ്ഥനായ കിളിമാനൂർ പോലീസ് സ്റ്റേഷൻ അഡീഷണൽ സബ് ഇൻസ്പെക്ടർ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 304 വകുപ്പ് പ്രകാരമുള്ള കുറ്റം നടന്നുവെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.മരണപ്പെട്ട ജിൻസിന്റെ |

| | | | |
|---|---|---|---|
| | | | സുഹൃത്തുക്കളായ ശ്യാം,സജിൻ എന്നിവരും കിഴക്കോട്ടുകോണം നിവാസികളായ അനു,അനൂപ്,അനിൽ എന്നിവരും മരണപ്പെട്ട ജിൻസിനെ കാണാതാകുന്ന ദിവസം അടിപിടി നടന്നുവെന്നും ടിയാൻ ടി സ്ഥലത്ത് നിന്നും പോയശേഷം 300 മീറ്റർ അകലെയുള്ള കിണറ്റിൽ ശവശരീരം കണ്ടെത്തുന്നതുവരെയുള്ള സമയത്തിനുള്ളിൽ നടന്ന കാര്യങ്ങളെ സംബന്ധിച്ച് നേരിട്ടുള്ള തെളിവുകളുടെയും സാഹചര്യ തെളിവുകളുടെയും അഭാവത്തിൽ വ്യക്തത വന്നിട്ടില്ലാത്തതുമാണ്. ആയതിനാൽ മതിയായ തെളിവുകളുടെ പിൻബലം ഇല്ലാതെയാണ് പ്രസ്തുത കുറ്റം നടന്നുവെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളതെന്ന് തുടർന്നുള്ള അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (സി) | ഈ കേസുമായി ബന്ധപ്പെട്ട് എത്ര സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്; | (സി) | 20 പേരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഏതൊക്കെ പ്രതികളെ തിരിച്ചറിഞ്ഞതായി ബഹു.കോടതിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ഡി) | കിളിക്കോട്ടുകോണം നിവാസികളായ അനു,അനൂപ്,അനിൽ എന്നിവരുടെ പേരുകൾ തിരിച്ചറിഞ്ഞ് ബഹു.കോടതിയ്ക്ക് ടി കേസിന്റെ ആദ്യ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ഇ) | പരാതിക്കാരി സേതുലക്ഷ്മി തന്റെ പരാതിയിൽ സംശയമുള്ളവരായി പറഞ്ഞിട്ടുള്ള ആളുകളെ ചോദ്യം ചെയ്യുകയോ മൊഴി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; | (ഇ) | ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | നാളിതുവരെ ഏതൊക്കെ തരത്തിലുള്ള അന്വേഷണമാണ് പ്രസ്തുത കേസിൽ സ്വീകരിച്ചിട്ടുള്ളത്; | (എഫ്) | സംഭവത്തെ കുറിച്ച് കേട്ടറിഞ്ഞവരെയും സ്ഥലവാസികളെയും മറ്റും കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിനു പുറമെ പോസ്റ്റ്മോർട്ടം, ഫോറൻസിക് സയൻസ് ലബോറട്ടറി എന്നിവയുടെ ഫലങ്ങൾ വിശകലനം ചെയ്ത് തെളിവ് ശേഖരണം നടത്തി വരുന്നു. മറ്റ് വിവരങ്ങൾ കേസിന്റെ അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്താൻ നിർവാഹമില്ല. |
| (ജി) | ഈ കേസിന്റെ അന്വേഷണം വേറെ ഏജൻസിക്ക് വിടാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാമോ; | (ജി) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**